**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 35** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ക്ഷേമനിധി പെൻഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്‌റഫ് അലി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പ്രവാസി ക്ഷേമനിധി പെൻഷൻ ലഭിക്കാനുള്ള പ്രായം 60 വയസ്സ് ആകണമെന്ന നിയമം മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെയും 2009-ലെ പ്രവാസി ക്ഷേമ പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം 18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംശദായം തുടർച്ചയായി അടച്ചു വരുന്നവർക്ക് 60 വയസ്സ് പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത മാസം മുതൽക്കും, 55 വയസ്സിനു ശേഷം 60 വയസ്സു വരെ അംഗത്വമെടുത്തവർക്ക് 5 വർഷം അംശദായമടച്ച് പൂർത്തിയാക്കുന്നതിന്റെ തൊട്ടടുത്ത മാസം മുതൽക്കുമാണ് പ്രവാസി ക്ഷേമ പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളത്.

**(ബി)** ഉണ്ടെങ്കിൽ മിനിമം അഞ്ച് വർഷം ക്ഷേമനിധി തുക അടച്ചവരും പ്രവാസ ജീവിതം അവസാനിപ്പിച്ചവരുമായ പ്രവാസികൾക്ക് പ്രായഭേദമന്യേ ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന രീതിയിൽ നിയമം മാറ്റുന്ന കാര്യം പരിഗണിക്കുമോ?

**<u>മറുപടി:</u>** ബാധകമല്ല.

**സെക്ഷൻ ഓഫീസർ**